**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 112** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>അട്ടപ്പാടിയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ഭൂമാഫിയ ബന്ധം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. എം. കെ. മുനീർ

ഡോ. എം. കെ. മുനീർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** അട്ടപ്പാടിയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഭൂമാഫിയ ബന്ധം ഉണ്ടെന്ന് ഡി.ജി.പിക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അഗളി ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. എൻ മുരളീധരൻ, അഗളി ISHO ശ്രീ. സലിം എന്നീ ഉദ്യോഗസ്ഥർക്കെതിരെ എതിരെ ഒരു സംയുക്ത വാച്യാന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

**(ബി)** മലപ്പുറം മുൻ എസ്.പി, പാലക്കാട് എസ് പി., തൃശ്ശൂർ ഡി.ഐ.ജി, സി.ആർ.പി.എഫ്. കമാൻഡന്റ് ഇടങ്ങിയവർ ആഭ്യന്തരവകുപ്പിന് നൽകിയ റിപ്പോർട്ടുകളിൽ എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിരുന്നതെന്ന് വിശദമാക്കുമോ; അതിന്മേൽ ആഭ്യന്തരവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** ഓൺലൈൻ മാധ്യമ പ്രവർത്തകനായ ശ്രീ.ആർ സുനിൽ, അഗളി മേലുവീട്ടിൽ ശ്രീ സുകുമാരൻ എന്നിവർ ഫെയ്സ് ബുക്ക് പോസ്റ്റിലൂടെ തന്നെ വ്യക്തിപരമായി അപ മാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു എന്നും താൻ ആദിവാസി ഭൂമി തട്ടിയെ ടുക്കുന്ന ആളാണെന്ന് പ്രചരിക്കുന്നു എന്നും, ശ്രീ ആർ സുനിൽ ഫോട്ടോ വച്ച് മാധ്യമം ഓൺലൈനിൽ തനിക്കെതിരെ വാർത്ത പ്രചരിപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു എന്നും കാണിച്ച് ശ്രീ ജോസഫ് കുര്യൻ എന്ന വ്യക്തി 23.08.2023-ൽ അഗളി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് പരാതി നൽകിയിട്ടുണ്ട്.

പ്രസ്തുത കേസുമായി ബന്ധപ്പെട്ടും മറ്റും മുൻ അഗളി ഡി.വൈ.എസ്.പി ശ്രീ. എം. മുരളീധരൻ, മുൻ എസ്.എച്ച്.ഒ ആയിരുന്ന ശ്രീ സലീം എന്നിവർക്കെതിരെ ലഭിച്ച പരാതികളിന്മേൽ റിപ്പോർട്ട് പാലക്കാട് ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിച്ചു.

പാലക്കാട് ജില്ലാ പോലീസ് മേധാവി, മലപ്പുറം ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി ഇടങ്ങിയവർ സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 11.01.2024-ലെ സർക്കാർ ഉത്തരവ് (Rt) No.137/2024/HOME പ്രകാരം അഗളി ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ മുരളീധരൻ, അഗളി പോലീസ് സ്റ്റേഷൻ ഐ.എസ്.എച്ച്.ഒ ആയിരുന്ന ശ്രീ.സലീം എന്നിവർക്കെതിരെ ഒരു സംയുക്ത വാച്യാന്വേഷണത്തിന് ഉത്തരവായി. സംയുക്ത വാച്യാന്വേഷണം പൂർത്തിയാക്കി അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനിട്സ് അനന്തര നടപടികൾക്കായി സർക്കാരിലേക്ക് നൽകുകയുണ്ടായി. ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടില്ല.

**(സി)** അട്ടപ്പാടിയിലെ ആദിവാസികൾ എസ്.സി- എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരം നൽകുന്ന പരാതികളിൽ പോലീസ് കേസെടുക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ കേസെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** പരാതികളിൽ പോലീസ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

20.05.2021 മുതൽ 19.01.2026 വരെയുള്ള കാലഘട്ടത്തിൽ അട്ടപ്പാടിയിലെ പോലീസ് സ്റ്റേഷനുകളിൽ എസ്.സി - എസ്.ടി. അതിക്രമം തടയൽ നിയമപ്രകാരം എടുത്ത കേസുകളുടെ എണ്ണം പോലീസ് സ്റ്റേഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

അഗളി പോലീസ് സ്റ്റേഷൻ - 42

ഷോളയൂർ പോലീസ് സ്റ്റേഷൻ - 13

പുതൂർ പോലീസ് സ്റ്റേഷൻ - 6

**(ഡി)** ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിലെ പോലീസ് സ്റ്റേഷനുകളിൽ എസ്.സി- എസ്.ടി. അതിക്രമം തടയൽ നിയമപ്രകാരം എത്ര കേസെടുത്തുവെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** പരാതികളിൽ പോലീസ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

20.05.2021 മുതൽ 19.01.2026 വരെയുള്ള കാലഘട്ടത്തിൽ അട്ടപ്പാടിയിലെ പോലീസ് സ്റ്റേഷനുകളിൽ എസ്.സി - എസ്.ടി. അതിക്രമം തടയൽ നിയമപ്രകാരം എടുത്ത കേസുകളുടെ എണ്ണം പോലീസ് സ്റ്റേഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

അഗളി പോലീസ് സ്റ്റേഷൻ - 42

ഷോളയൂർ പോലീസ് സ്റ്റേഷൻ - 13

പുതൂർ പോലീസ് സ്റ്റേഷൻ - 6

**സെക്ഷൻ ഓഫീസർ**